"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ നെന്മിനി ജി.എം.എൽ.പി. എസ് -ലെ എൽ.പി.എസ്.ടി ആയിരിക്കെ അന്തരിച്ച ഹരി മനോജ് ഇ.എൻ-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി.അഞ്ജലി നാരായണൻ കെ.എം-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ യു.പി.എസ്.ടി ആയി നിയമനം നല്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.41/2024/GEDN തീയതി,തിരുവനന്തപുരം, 08-04-2024

---

പരാമർശം:-
1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉഭപവ
2. 7.1.2018 ലെ സ.ഉ.(അ) നം.1/2018/ഉ.ഭ.പ.വ
3. 28.04.2018-ലെ സ.ഉ.(അ) നം. 7/2018/ഉ.ഭ.പ.വ
4. ശ്രീമതി.അഞ്ജലി നാരായണൻ കെ.എം 18.05.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ.
5. 14.07.2023 ലെ സ.ഉ (അ)നം.12/2023/ഉ.ഭ.പ.വ
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.08.2023 തീയതിയിലെ എ(4)/3458/2023/ഡി.ജി.ഇ നമ്പർ കത്ത്
7. മലപ്പുറം ജില്ലാ കളക്ടറുടെ 15.01.2024 തീയതിയിലെ ഡിസിഎംപിഎം/10921/2023-എ2 നമ്പർ കത്ത്.
8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.03.2024 തീയതിയിലെ എ(4)/3458/2023/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ നെന്മിനി ജി.എം.എൽ.പി.എസ്-ലെ എൽ.പി.എസ്.ടി ആയിരിക്കെ 26.01.2022 -ൽ അന്തരിച്ച ഹരിമനോജ് ഇ.എൻ-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി.അഞ്ജലി നാരായണൻ കെ.എം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി ആയി നിയമനം ലഭിക്കുന്നതിനായി പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറും മലപ്പുറം ജില്ലാ കളക്ടറും യഥാക്രമം പരാമർശം (6), (7) പ്രകാരം നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. നെന്മിനി ജി.എം.എൽ.പി.എസ്-ലെ എൽ.പി.എസ്.ടി ആയിരിക്കെ ഹരിമനോജ് ഇ.എൻ 26.01.2022 -ൽ അന്തരിച്ചു. 01.03.2019 -ൽ സർവീസിൽ പ്രവേശിച്ച ടിയാന് 02 വർഷം 10 മാസം 26 ദിവസവും സർവീസുണ്ട്. ശ്രീമതി. അഞ്ജലി നാരായണൻ കെ.എം പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റു അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നൽകിക്കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്.

അപേക്ഷകയുടെ ജനന തീയതി 25.07.1994 ആണ്. അപേക്ഷക എം-ടെക്, കെ-ടെറ്റ്, ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ എന്നീ വിദ്യാഭ്യാസ യോഗ്യതകൾ നേടിയിട്ടുള്ളതും ഇപ്പോൾ 29 വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണ് (അറുപതിനായിരം രൂപ മാത്രം)

3. ശ്രീമതി.അഞ്ജലി നാരായണൻ കെ.എം-ന് ആശ്രിതനിയമനം നല്കുന്നതിനായി മലപ്പുറം ജില്ലയിൽ യു.പി.എസ്.ടി തസ്തികയിൽ ഒരു ഒഴിവ് മാറ്റിവച്ചിട്ടുണ്ടെന്ന് പരാമർശം (8) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി, ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിൽ മലപ്പുറം ജില്ലയിലെ നെന്മിനി ജി.എം.എൽ.പി.എസ്-ലെ എൽ.പി.എസ്.ടി ആയിരിക്കെ അന്തരിച്ച ഹരി മനോജ് ഇ.എൻ-ന്റെ ആശ്രിതയായ ഭാര്യ ശ്രീമതി. അഞ്ജലി നാരായണൻ കെ.എം-ന് (കുന്നത്ത് മന, കോലോളമ്പ പി.ഒ, എടപ്പാൾ, മലപ്പുറം 679576) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ മലപ്പുറം ജില്ലയിൽ യു.പി.എസ്.ടി തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

6. ഇത് സംബന്ധിച്ച നിയമന ഉത്തരവ് നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീമതി.അഞ്ജലി നാരായണൻ കെ.എം -ന്റെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (ഹരിമനോജ് ഇ.എൻ, എൽ.പി.എസ്.ടി, ജി.എം.എൽ.പി. എസ്, നെന്മിനി, മലപ്പുറം) സേവന പുസ്തകത്തിലും ടിയാൻ അവസാനം സേവനമനുഷ്ഠിച്ച എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയതു ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. പരാമർശം (5) പ്രകാരം ആശ്രിതനിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണസമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

സ.ഉ.(കൈ) നം.41/2024/GEDN

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി.എസ്, നെന്മിനി, മലപ്പുറം
ശ്രീമതി.അഞ്ജലി നാരായണൻ കെ.എം, W/o (Late) ഹരിമനോജ് ഇ.എൻ, കുന്നത്ത് മന, കോലോളമ്പ പി.ഒ, എടപ്പാൾ, മലപ്പുറം-679576 (അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ, മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ എന്നിവ സഹിതം) (By Registered Post)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 09-04-2024 10:27:50
സെക്ഷൻ ഓഫീസർ

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*